# പകരത്തിനു പകരം

കല്യാണരാത്രി തന്റെ മകനെയും മണവാട്ടിയെയും ആനപ്പുറത്തിരുത്തി നഗരം ചുറ്റിക്കണം. കുശവൻ സ്വപ്നം കണ്ടുകൊണ്ടിരുന്നു. മകന്റെ കല്യാണം അടുക്കാറായി!

ദക്ഷിണേന്ത്യയിൽ കല്യാണനാളിൽ ആചാരങ്ങളൊക്കെ കഴിഞ്ഞ് ചെണ്ടകൊട്ടി കുഴലൂതി നാദസ്വരവും കൊട്ടുമേളവുമായി വരനെയും വധുവിനെയും കൊണ്ട് ബന്ധുക്കൾ കാറിലോ നടന്നോ നഗരം ചുറ്റും.

നഗരത്തിലൊരു മുതലാളിക്ക് ആനയുണ്ട്. മുതലാളിയുടെ സമ്മതം കിട്ടിയതോടെ കുശവന്റെ സ്വപ്നം നടന്നു. കല്യാണരാത്രി ആനപ്പുറത്തിരുത്തിയ മണവാളനെയും മണവാട്ടിയെയുംകൊണ്ട് നഗരം ചുറ്റിയ ഘോഷയാത്രയുണ്ടായിരുന്നു.. ധാരാളം ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും നാദസ്വരത്തിനും കൊട്ടുമേളത്തിനും താളം ചവിട്ടി നടന്നു.




ഓംബുഡ്സ്മാൻ എന്ന ആശയം ആദ്യമായി കൊണ്ടുവന്ന രാജ്യം- സ്വീഡൻ

പൊടുന്നനെ ആളുകളെ പരിഭ്രാന്തരാക്കി ആന വീണു. വീണിടത്തു കിടന്നു മരിച്ചു. കുശവൻ വളരെയേറെ സങ്കടപ്പെട്ടു. വിഷമത്തോടെ മുതലാളിയെ വിവരം അറിയിച്ചു.

“താങ്കളുടെ ആന പെട്ടെന്നു വീണു മരിച്ചു. ആനയുടെ വിലയോ മറ്റൊരു ആനയെയോ ഞാൻ പകരമായി നൽകാം.”

ദുർവാശിക്കാരനായ മുതലാളി കുശവനോട് ദേഷ്യപ്പെട്ടു. “എന്റെ ആനയെ അല്ലാതെ മറ്റൊന്നും ഞാൻ തിരികെ വാങ്ങില്ല. എനിക്കെന്റെ ആനയെ തന്നെ വേണം.” അയാൾ കോടതിയിൽ കുശവനെതിരെ പരാതി ബോധിപ്പിച്ചു.

കേസു വിളിച്ച ന്യായാധിപൻ കുശവനോട് കാര്യങ്ങൾ അന്വേഷിച്ചു. നടന്നതെല്ലാം കേട്ടപ്പോൾ കുശവൻ കുറ്റമൊന്നും ചെയ്തിട്ടില്ലെന്ന് ബോധ്യമായി. പകരം മറ്റൊരു ആനയോ ആനയുടെ വിലയോ സ്വീകരിക്കാൻ മുതലാളിയോട് ആവശ്യപ്പെട്ടു.

ആരുടെ വാക്കും ചെവിക്കൊള്ളാത്ത മുതലാളി തന്റെ ആനയെ തിരികെ വേണമെന്ന് ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. അടുത്ത ദിവസത്തേക്ക് വിചാരണ നീട്ടിവെച്ചതായി പ്രസ്താവിച്ച് ന്യായാധിപൻ കുശവനെ അടുത്തു വിളിച്ചു.

“നാളെ രാവിലെ കേസു വിളിക്കുമ്പോൾ നിങ്ങൾ കോടതിയിലുണ്ടാവരുത്. വീട്ടിലിരിക്കണം. മുൻ വാതിൽ കുറ്റിയിടാതെ ചാരിവെക്കുക. വാതിലിനു തൊട്ടു പിറകിൽ മൺകുടങ്ങൾ അടുക്കിവെക്കുക.”

ന്യായാധിപൻ കുശവനോട് രഹസ്യമായി പറഞ്ഞു.

“നിങ്ങളെ വിളിച്ചു കൊണ്ടുവരാൻ മുതലാളിയെ ഞാൻ അങ്ങോട്ട് പറഞ്ഞു വിടാം.”

ന്യായാധിപന്റെ സൂത്രം മനസ്സിലാക്കിയ കുശവൻ വീട്ടിലേക്കു മടങ്ങി പറഞ്ഞതെല്ലാം ചെയ്തു.

പിറ്റേന്ന് മുതലാളി കോടതിയിൽ എത്തിയപ്പോൾ കുശവൻ ഉണ്ടായിരുന്നില്ല. കേസു വിളിച്ച ന്യായാധിപൻ കുശവനെ പെട്ടെന്ന് ചെന്ന് വിളിച്ചു കൊണ്ടുവരാനായി മുതലാളിയെ പറഞ്ഞയച്ചു.

കുശവന്റെ വീട്ടിലേക്കു ചെന്നു കയറിയ മുതലാളി വാതിൽ തള്ളിത്തുറന്നതും കുടങ്ങളൊക്കെയും തട്ടി വീണു പൊട്ടിച്ചിതറി. ഉച്ചത്തിൽ നിലവിളിച്ചും കരഞ്ഞും കുശവൻ അരങ്ങത്തേക്കു വന്നു. ഒച്ച കേട്ട് അയൽക്കാരെല്ലാം തടിച്ചു കൂടി.

“ഇയാളെന്റെ കുടങ്ങളൊക്കെയും തകർത്തു. ഞങ്ങടെ അപ്പൻ അപ്പൂപ്പന്മാരുണ്ടാക്കിയ കുടങ്ങൾ ഞങ്ങളുടെ പാരമ്പര്യനിധികളാണ്. ഇതിന് വിലയിടാൻ ഒരിക്കലും കഴിയില്ല.

ഓരോരുത്തരോടും കുശവൻ പറഞ്ഞു. പറച്ചിൽ കരച്ചിലായി. കരച്ചിൽ നിലവിളിയായി.

“കുടങ്ങളുടെ ഇരട്ടി വില നൽകാം” മുതലാളി പറഞ്ഞു.

“അയ്യോ... ഞങ്ങടെ അപ്പൻ അപ്പൂപ്പന്മാരുടെ......

ഇതെല്ലാം വിലമതിക്കാൻ ആവാത്തതാണേ....

നിങ്ങൾക്ക് നിങ്ങളുടെ ആന വലുതായിരിക്കും. എനിക്ക് എന്റെ കുടവും വലുതാണ്.”

എനിക്ക് എന്റെ കുടങ്ങൾ തന്നെ വേണം!.

കുശവൻ വാശിപിടിച്ചു.

കേസ് കോടതിയിലെത്തി.

ന്യായാധിപൻ മുതലാളിയോട് ചോദിച്ചു:

“പുറമേ കാണുന്നവർക്ക് ആനയായിരിക്കും വലുത്, പക്ഷേ ഓരോ നഷ്ടവും ഓരോരുത്തർക്ക് വലുതാണ്. ഇനി നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ?”

പൊട്ടിത്തകർന്ന കുടങ്ങൾ തിരികെ നൽകാൻ ആവില്ലെന്ന് തിരിച്ചറിഞ്ഞ മുതലാളി ഒന്നും പറഞ്ഞില്ല.

പകരത്തിനു പകരം! കേസ് അങ്ങിനെ തീർപ്പായി.



## നൂൽപാമ്പ്

വെസ്റ്റ് ഇൻഡീസിലുള്ള ത്രഡ് സ്റ്റോക്കുകളാണ് ലോകത്തിലെ ഏറ്റവും ചെറിയ പാമ്പുകൾ. നൂലുപോലിരിക്കും ഇവ. വെറും പത്തു സെന്റീമീറ്റർ മാത്രം നീളം വരുന്ന ഈ നൂൽപാമ്പുകൾക്ക് ഒരു പെൻസിലിനകത്തെ എഴുതാൻ ഉപയോഗിക്കുന്ന ഭാഗം മുഴുവൻ ഇളക്കി മാറ്റിയാലുണ്ടാവുന്ന ദ്വാരത്തിലൂടെ സുഖമായി ഇഴഞ്ഞു കയറാം.

ദേശീയ വനിതാ കമ്മീഷനിൽ അംഗമായ ആദ്യ പുരുഷൻ– അലോക് റാവത്ത്